"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ്& എഞ്ചിനീയറിംഗ് വിംഗ്-ബഡ്ജറ്റ് ഫണ്ട്- കുന്നത്തുർ ഗവ.യു.പി.എസ്-ൽ ശാസ്ത്ര ഗവേഷണകേന്ദ്രം നിർമ്മാണം-ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.129/2022/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 18/01/2022

പരാമർശം:-    തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 24.08.2021ലെ ഡി.ബി1/9972/സിഇ/എൽ.ഐ.ഡി.& ഇ.ഡബ്ല്യു നമ്പർ കത്ത്.

**ഉത്തരവ്**

2021- 22 ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം രണ്ടിൽ (മരാമത്തുപണികളുടെ വിശദവിവരങ്ങൾ) കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത് ശാസ്ത്ര പഠന ഗവേഷണകേന്ദ്രത്തിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം കുന്നത്തുകാൽ ഗവ.യു.പി.എസ്.ൽ ഗവേഷണകേന്ദ്രം നിർമ്മാണം എന്ന പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് ശാസ്ത്ര ഗവേഷണ കേന്ദ്ര കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്ക് വേണ്ടി സമർപ്പിച്ച ശുപാർശ അംഗീകരിക്കുകയും അതിന് ആവശ്യമായ 1,50,00,000/- (ഒരു കോടി അൻപത് ലക്ഷം രൂപ)യുടെ ചെലവ് '4515-00-800-92(NP)' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പിആർഡി.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ